**ജൂൺ 9 – ജൂൺ 15**

**പാഠം – 11**

## ദൈവത്തിന്റെ മുദ്രയോ മൃഗത്തിന്റെ അടയാളമോ

**ശബ്ബത്ത് സായാഹ്നം** **ജൂൺ 9**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:** ഉല്. 17:9–11; പുറ. 31:13,17; വെളി. 13:17; എഫേ.1:13, 14; എബ്രാ. 4:9, 10.

**മനഃപാഠവാക്യം: "സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ പ്രവൃത്തികൾ വലുതും അത്ഭുതവുമായവ; സർവ്വജാതികളുടെയും രാജാവേ, നിന്റെ വഴികൾ നീതിയും സത്യവുമുള്ളവ." (വെളി. 15:3).**

മോശെയുടെയും കുഞ്ഞാടിന്റെയും ഗാനം തുടങ്ങുന്നത് ഈയാഴ്ചത്തെ മനഃപാഠവാക്യത്തിന്റെ വാക്കുകളിലാണ്. അത് പാടുന്നത്, "മൃഗത്തോടും അതിന്റെ പ്രതിമയോടും പേരിന്റെ സംഖ്യയോടും ജയിച്ചവർ" ദൈവത്തിന്റെ വീണകൾ പിടിച്ചുകൊണ്ട് പളുങ്കുകടലിനരികെ നിന്ന് (വെളി.15:2). നമുക്കെങ്ങനെ അവരുടെ ഗണത്തിൽ ഉൾപ്പെടാനാകും?

അന്ത്യകാലത്ത് സത്യദൈവജനത്തിന്റെ പ്രകടമായ അടയാളം, മൃഗത്തിന്റെ മുദ്രയേൽക്കുന്നതിനെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്ന, മൂന്നാം ദൂതന്റെ സന്ദേശം പ്രഖ്യാപിക്കലാണ്. ബൈബിളിലുടനീളം ഗൗരവമേറിയ മുന്നറിയിപ്പുകളൊന്നുമില്ലാതെ തന്നെ വളരെ കുഴപ്പിക്കുന്ന ആശയങ്ങൾ ഈ മൃഗ മുദ്രയെക്കുറിച്ച് വർഷങ്ങളിലൂടെ പ്രചരിക്കപ്പെട്ടിട്ടുണ്ട്. നെറ്റിയിൽ ഒരു ബാർകോഡ്, ഒരു ക്രെഡിറ്റ് കാർഡ് നമ്പർ, ആധാർ പോലുള്ള ബയോമെട്രിക് തിരിച്ചറിയൽ കാർഡുകൾ മുതലായവ.

ബാബിലോണിൽ ഇത്തരത്തിൽ പൊട്ടിമുളയ്ക്കുന്ന ആശയങ്ങളെക്കുറിച്ച് നമ്മളൊരുകാരണവശാലും അമ്പരക്കേണ്ടതില്ല. അല്ലെങ്കിൽത്തന്നെ ആ പേര് അർത്ഥമാക്കുന്നത് "ചിന്താക്കുഴപ്പം" എന്നാണല്ലോ. എന്നാൽ, മൂന്നാം ദൂതന്റെ സന്ദേശം ശക്തിയോടെ പ്രസ്താവിക്കാൻ, ദൈവത്തിന്റെ ശേഷിപ്പ് ജനത്തിന് ഈ വിഷയത്തെക്കുറിച്ച് വളരെ വ്യക്തമായ ധാരണയുണ്ടാവണം. ഈയാഴ്ച, മൃഗത്തിന്റെ മുദ്രയെന്താണെന്ന് കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കാം. ദൈവമുദ്രയേറ്റുകൊണ്ട് അതെങ്ങനെ ഒഴിവാക്കാമെന്നതും നോക്കാം.

☞*ഈയാഴ്ചയിലെ പാഠം പഠിച്ച് ജൂൺ 16-ലെ ശബ്ബത്തിനായി ഒരുങ്ങുക.*

**ഞായർ** **ജൂൺ 10**

### തന്റെ ജനത്തെ തിരിച്ചറിയാൻ ദൈവത്തിന്റെ മുദ്ര

**പഴയനിയമ കാലത്ത് ദൈവജനത്തെ തിരിച്ചറിയാൻ രണ്ട് ബാഹ്യ അടയാളങ്ങൾ ഉണ്ടായിരുന്നു. അതിലൊന്ന് പരിച്ഛേദന. ആർക്കാണ്**

**ഈയടയാളം ആദ്യമായി നൽകപ്പെട്ടത്?** ഉല്. 17:9-11, പുറ. 31:13,17.

രക്ഷയുടെ അടയാളമായി പരിച്ഛേദനയേൽക്കാൻ ദൈവം അബ്രഹാമിനോടും പിൻഗാമികളോടും ആവശ്യപ്പെട്ടു. പുരുഷന്മാരെല്ലാവരും എട്ടാം ദിനം പരിച്ഛേദനയേൽക്കണമായിരുന്നു (ലേവ്യ. 12:3). എന്തു തന്നെയായാലും ഈ കർമ്മത്തിന് വളരെ ആഴമുള്ള ഒരു പ്രാധാന്യമുണ്ടായിരുന്നു. അത് ഹൃദയത്തിന്റെ "പരിച്ഛേദന" അല്ലെങ്കിൽ പുതുക്കത്തിന്റെ ആവശ്യകതയെ സൂചിപ്പിച്ചു (കാണുക ആവ. 30:6). അതുകൊണ്ട് പൗലോസ് ഇങ്ങനെയെഴുതി: "പുറമെ യഹൂദനായവൻ യഹൂദനല്ല; പുറമെ ജഡത്തിലുള്ളത് പരിച്ഛേദനയുമല്ല; അകമെ യഹൂദനായവനത്രേ യഹൂദൻ; അക്ഷരത്തിലല്ല ആത്മാവിലുള്ള ഹൃദയ പരിച്ഛേദനയത്രേ പരിച്ഛേദന. അവനു മനുഷ്യരാലല്ല ദൈവത്താൽ തന്നെ പുകഴ്ച ലഭിക്കും" (റോമ. 2:28, 29).

1 കൊരിന്ത്യർ 7:19, ഗലാത്യർ 5:6, 6:15 പോലുള്ള വാക്യങ്ങൾ പുതിയ നിയമത്തിൽ പരിച്ഛേദന, സ്നാനത്തിനു വഴിമാറിയെന്ന് കാണിക്കുന്നു. ഒരു "പുതിയ സൃഷ്ടിയെ" ആണ് സ്നാനം സൂചിപ്പിക്കുന്നത്, അതായത് പാപത്തിനു മരിച്ച് പുതിയ ജീവൻ പ്രാപിക്കുക (കാണുക റോമ. 6:3,4). അതുകൊണ്ടാണ് പരിച്ഛേദന ഒട്ടും പ്രധാനമല്ല മറിച്ച് "സ്നേഹത്താൽ പ്രവർത്തിക്കുന്ന വിശ്വാസം" അതുപോലെതന്നെ "ദൈവകൽപന അനുസരിക്കുന്നത്" ഇവയ്ക്കാണ് പ്രാധാന്യം എന്ന് പൗലോസ് പറയുന്നത്.

**ദൈവം സ്വജനത്തെ തിരിച്ചറിയാനായി നൽകിയ രണ്ടാമത്തെ ബാഹ്യ അടയാളം എന്ത്? എന്തുകൊണ്ട്?** (പുറ. 31:13, 17; യെഹ. 20:12,20)

ശബ്ബത്ത് ഒരു അടയാളമെന്ന നിലയിൽ സൃഷ്ടിപ്പ് മുതലുണ്ട് (കാണുക ഉല്. 2:2, 3). എന്നാൽ പരിച്ഛേദന അബ്രഹാം മുതലാണ് തുടങ്ങിയത്. അങ്ങനെ ഉൽപത്തിയെ സൂചിപ്പിച്ചുകൊണ്ട് യേശു പറഞ്ഞു, "മനുഷ്യൻ ശബ്ബത്തു നിമിത്തമല്ല; ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രേ ഉണ്ടായത്" (മർക്കൊ. 2:27). നമ്മൾ സൃഷ്ടി മുതലേ, ദൈവത്തിനുള്ളവരാണെന്ന് ഇത് കാണിക്കുന്നു. കാരണം അവൻ നമ്മെ സൃഷ്ടിച്ചു, രക്ഷ നൽകിയതിലൂടെ നമ്മെ നീതീകരിച്ചും വിശുദ്ധീകരിച്ചുമിരിക്കുന്നു. അങ്ങനെ പരിച്ഛേദന ഇനിമേൽ പ്രധാനമല്ലെന്ന് പൗലോസ് പറയുമ്പോഴും, ദൈവകൽപന അനുസരിക്കുന്നത് (ശബ്ബത്തുൾപ്പെടെയുള്ളവ) ഇന്നും പ്രധാനമെന്ന് അവൻ വാദിക്കുന്നു. (കാണുക എബ്രാ. 4:9).

**നിങ്ങൾ യഥാർത്ഥത്തിൽ ഹൃദയപരിച്ഛേദന ഏറ്റവരാണോ അല്ലയോ എന്ന് എങ്ങനെ നിങ്ങളുടെ ചിന്തകളും പ്രവൃത്തികളും വെളിവാക്കുന്നു?**

**തിങ്കൾ** **ജൂൺ 11**

## മൃഗവും തെറ്റായ ആരാധനയും

**ചുവടെയുള്ള വാക്യങ്ങൾ വായിക്കുക. "മൃഗത്തിന്റെ മുദ്ര" ഏൽക്കാതിരിക്കുന്നത് എത്ര പ്രാധാന്യമുള്ള കാര്യമാണെന്നാണ് ഈ വാക്യങ്ങൾ നമ്മെ പഠിപ്പിക്കുന്നത്?** (വെളി.13:17; 14:9, 10; 16:2).

ദൈവത്തിന്റെ ഒട്ടും അലിവില്ലാത്ത കോപം ഏറ്റുവാങ്ങി, അവസാന ഏഴു ബാധകളാൽ ശിക്ഷിക്കപ്പെട്ടു, ഒടുവിൽ തീപ്പൊയ്കയിലേക്ക് എറിയപ്പെടുന്നു. മൃഗത്തിന്റെ മുദ്രയേൽക്കാൻ വിസമ്മതിച്ചവരിൽ നിന്ന് എത്ര വിരുദ്ധമായിരിക്കുന്നു. പളുങ്കു കടലിനരികെ നിന്നുകൊണ്ട് ജയത്തോടെ അവർ കുഞ്ഞാടിനും ദൈവത്തിനും സ്തുതിഗീതങ്ങൾ പാടി!

ആരും ഏൽക്കാനാഗ്രഹിക്കാത്ത ഈ മുദ്ര എന്താണ്? മേൽപ്പറഞ്ഞ വാക്യങ്ങൾ നൽകുന്ന സൂചന അത് തെറ്റായ ആരാധനയാണെന്നതു തന്നെയാണ്. കൂടാതെ മുമ്പൊരു പാഠത്തിൽ നമ്മൾ കണ്ടതു പോലെ, ദാനീയേൽ ഏഴിൽ പറയുന്ന നാലാം മൃഗശക്തി, അതിന്റെ രണ്ടാം ഘട്ടത്തിൽ (വെളിപ്പാട് 13-ലെ കടൽമൃഗമായും ചിത്രീകരിച്ചിരിക്കുന്നു), "കാലങ്ങളെയും നിയമങ്ങളെയും മാറ്റാൻ പുറപ്പെടും" (ദാനീ. 7:25). അത് മാറ്റാൻ തുടങ്ങിയ ഒരു നിയമം ശബ്ബത്ത് അഥവാ നാലാം കൽപനയായിരുന്നു. പത്തു കൽപനകളിൽ സമയത്തെയും, ദൈവം "ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി, എഴാം ദിവസം സ്വസ്ഥമായിരുന്നു" (പുറ. 20:11) എന്നും കാണിക്കുന്ന ഒരേയൊരു കൽപന.

മൃഗശക്തി മാറ്റാൻ തുനിഞ്ഞ ഈ കൽപന ചൂണ്ടിക്കാണിക്കുകയാണ് ആദ്യ ദൂതന്റെ സന്ദേശം. തീർച്ചയായും ഇത് വ്യക്തമാക്കിത്തിരുന്നത് ദൈവത്തെ മാത്രമാണ് സൃഷ്ടാവായി ആരാധിക്കേണ്ടതെന്നാണ്. വെളിപ്പാട് 12-14 വരെ ആരാധനയെക്കുറിച്ചു പറയുന്ന ഏഴു വാക്യങ്ങളിൽ ഈ 14:7 മാത്രമാണ് സത്യാരാധനയെക്കുറിച്ച് പറയുന്നത്. മറ്റുള്ളവ മൃഗത്തെയും അതിന്റെ ബിംബത്തെയും തെറ്റായി ആരാധിക്കുന്നതിനെക്കുറിച്ച് സൂചിപ്പിക്കുന്നു (വെളി. 13:4, 8, 12, 15; 14:9, 11). ഈ തെറ്റായ ആരാധനയിൽ പങ്കെടുക്കുന്നവരുടെ വിധിയെക്കുറിച്ച് മുന്നറിയിപ്പു നൽകിയ ശേഷം മൂന്നാം ദൂതൻ സത്യ ആരാധകരെക്കുറിച്ച് വിവരിക്കുന്നു: "ദൈവകൽപനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്ന വിശുദ്ധന്മാരുടെ സഹിഷ്ണുതകൊണ്ട് ഇവിടെ ആവശ്യം" (വെളി. 14:12).

മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, ഈ മൂന്നു ദൂതുകളുടെ പ്രഖ്യാപനത്തോടെ സകല മാനവജാതിയെയും രണ്ടായി വിഭജിക്കുന്നു. ഏഴാം ദിന ശബ്ബത്തു കൽപന ഉൾപ്പെടെയുള്ള ദൈവകൽപന അനുസരിച്ച്

സൃഷ്ടാവിനെ ആരാധിക്കുന്നവരെന്നും മൃഗത്തെയും അതിന്റെ ബിംബത്തെയും ആരാധിക്കുന്നവരെന്നും. ഈ തെറ്റായ ആരാധനാ രീതി, ശബ്ബത്തനുസരിച്ച് സൃഷ്ടാവിനെ ആരാധിക്കുന്നതിന് ഒരു ബദൽ രീതി നൽകുന്നു.

**ആരാധനയും വിശ്വസ്തതയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് കൂടുതൽ ചിന്തിക്കുക. ആരാധനയുടെ എന്തൊക്കെ സവിശേഷതകളാണ് ദൈവത്തോടുള്ള വിശ്വസ്തത കാണിക്കാൻ ആവശ്യം?**

**ചൊവ്വ** **ജൂൺ 12**

## ദൈവത്തിന്റെ മുദ്ര

മുദ്ര, ഒരു ഒപ്പു പോലെ ഒരു പ്രമാണത്തെ ആധികാരികമാക്കാനുപയോഗിക്കുന്നു. പ്രാചീന കാലത്ത് ഉടമസ്ഥന്റെ അധികാരവും ആധികാരികതയുമൊക്കെ കാണിക്കാൻ മെഴുകിലോ അരക്കിലൊ ഒക്കെ പതിപ്പിച്ചിരുന്നതാണ് മുദ്രകൾ.

**എന്താണ് ദൈവത്തിന്റെ മുദ്ര? എപ്പോഴാണത് നൽകപ്പെടുന്നത്?** എഫേ. 1:13, 14; 4:30; 2 തിമോ. 2:19; വെളി. 7:1–4; 14:1.

ദൈവത്തിന്റെ മുദ്ര ദൈവത്തിന്റെ ഉടമസ്ഥാവകാശത്തെയും ദൈവജനത്തിന്റെ സംരക്ഷണത്തെയും കാണിക്കുന്നു. പൗലോസ്, പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങൾ സ്വീകരിക്കുന്നതിനെ മുദ്രയേൽക്കുന്നതുമായി ബന്ധപ്പെട്ട് വിവരിക്കുന്നു. പൂർണ്ണ വീണ്ടെടുപ്പിന്റെയും യേശു വീണ്ടും വരുമ്പോൾ ലഭിക്കാൻ പോകുന്നതിന്റെയും ഉറപ്പിനായി എല്ലാ വിശ്വാസികൾക്കും നൽകപ്പെടുന്ന ഒരു "നിക്ഷേപം" ആയും "മുൻകൂറടയ്ക്കുന്ന തുക" ആയും ആണ് പൗലോസ് ഈ കൃപാദാനത്തെ വിളിക്കുന്നത്.

രണ്ടാം വരവിനു മുന്നോടിയായുള്ള മറ്റൊരു മുദ്രയിടലിനെക്കുറിച്ചാണ് വെളിപ്പാട് പുസ്തകം വർണ്ണിക്കുന്നത്. പരിശുദ്ധാത്മ പിൻമഴ വർഷിക്കുന്ന കാലത്ത് അവസാന മുദ്രയിടുന്നത് 1,44,000 പേർക്കാണ്. അവരുടെ നെറ്റിയിൽ ദൈവത്തിന്റെ പേര് (കയ്യൊപ്പോ) എഴുതിയിട്ടുണ്ടാകും. ജീവിതത്തിൽ പരിശുദ്ധാത്മ പ്രവർത്തനത്താൽ അവർ ദൈവസ്വഭാവം പ്രതിഫലിപ്പിക്കുന്നു.

**ദൈവത്തിന്റെ മുദ്രയും മൃഗത്തിന്റെ അടയാളവും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ കണ്ടെത്തുക. വ്യത്യാസങ്ങൾ എന്തൊക്കെ?** വെളി. 7:3,14:9.

മുദ്ര ദൈവത്തിന്റെ സത്യാരാധികളും അടയാളം മൃഗാരാധികളുമാണ് ഏൽക്കുന്നത്. ദൈവത്തെ ദൈവം ആജ്ഞാപിച്ച വണ്ണം ആരാധിപ്പാൻ പൂർണ്ണ മനസ്സോടെ വ്യക്തമായ തീരുമാനമെടുക്കുന്നവരുടെ നെറ്റിമേൽ മാത്രമാണ് മുദ്രയിടുന്നത്. എന്നാൽ മൃഗാടയാളമേൽക്കുന്നതോ ഒന്നുകിൽ

നെറ്റിയിൽ അല്ലെങ്കിൽ കയ്യിൽ. ജനം രണ്ടിലൊന്നു നിമിത്തം മൃഗത്തെ ആരാധിക്കുമെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. യഥാർത്ഥ ദൈവത്തെ ആരാധിക്കുന്നു എന്ന ചിന്തയിൽ, ഒന്നുകിൽ മനസ്സിൽ അവരത് സമ്മതിക്കുന്നു. അല്ലെങ്കിൽ അവരത് അംഗീകരിക്കുന്നില്ലെങ്കിലും ചെയ്തില്ലെങ്കിൽ നേരിടേണ്ടി വരുന്ന കടുത്ത പ്രത്യാഘാതങ്ങളെ ഓർത്ത് ചെയ്തുപോകുന്നു. വാങ്ങുവാനോ വിൽക്കുവാനോ കഴിയാത്ത, ജീവൻ തന്നെ നഷ്ടമായേക്കാവുന്ന ഒരവസ്ഥയെ ഭയക്കും. (വെളി. 13:17,15).

"ലോകവുമായി ചേരുന്നവർ ലോകത്തിന്റെ ആകാരത്തിലായി, മൃഗത്തിന്റെ മുദ്രയേൽക്കാൻ ഒരുങ്ങുന്നവരാണ്. സ്വയത്തെ അവിശ്വസിച്ച്, ദൈവമുമ്പിൽ തന്നത്താൻ താഴ്ത്തി, സത്യമനുസരിച്ചുകൊണ്ട് തങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കുന്നവർ - സ്വർഗ്ഗീയ ആകാരത്തിലായി, നെറ്റിയിൽ ദൈവത്തിന്റെ മുദ്രയേൽക്കാൻ ഒരുങ്ങുന്നു." - *എലൻ ജി. വൈറ്റ്, "ടെസ്റ്റിമണീസ് ഫോർ ദി ചർച്ച്", വാല്യം 5, പേജ് 216.*

**ബുധൻ** **ജൂൺ 13**

## മൃഗത്തിന്റെ മുദ്ര

ഒഴിവാക്കേണ്ടതായ ഈ മുദ്രയേതാണ്? മുമ്പൊരു പാഠത്തിൽ കണ്ടതുപോലെ, ദാനീയേൽ ഏഴിലെ നാലാം ശക്തി, അതിന്റെ രണ്ടാം ഘട്ടത്തിൽ (വെളിപ്പാട് 13-ലെ കടൽമൃഗമായും ചിത്രീകരിച്ചിരിക്കുന്നു), "കാലങ്ങളെയും നിയമങ്ങളെയും മാറ്റാൻ" ഒരുങ്ങും (ദാനീ.7:25). അത് മാറ്റാൻ തുടങ്ങിയ ഒരു നിയമം ശബ്ബത്ത് അഥവാ നാലാം കല്പനയായിരുന്നു. പത്തു കൽപനകളിൽ ദൈവം "ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി, എഴാം ദിവസം സ്വസ്ഥമായിരുന്നു" (പുറ.20:11) എന്ന് കാണിക്കുന്ന ഒരേയൊരു കല്പനയാണ് നാലാം കല്പന.

അതിനിടെ, മൃഗശക്തി മാറ്റാൻ തുനിഞ്ഞ ഈ കൽപന ആദ്യ ദൂതന്റെ സന്ദേശം ചൂണ്ടിക്കാണിക്കുന്നു. തീർച്ചയായും ഇത് വ്യക്തമാക്കുന്നത് ദൈവത്തെ മാത്രം സൃഷ്ടാവായി ആരാധിക്കണമെന്നാണ്. തുടർന്ന്, "മൃഗത്തെയും അതിന്റെ ബിംബത്തെയും" (വെളി. 14:9) ആരാധിക്കുന്നവരുടെ വിധിയെക്കുറിച്ച് മുന്നറിയിപ്പു നൽകിയ ശേഷം ദൈവത്തിന്റെ വിശ്വസ്ത ജനത്തെക്കുറിച്ച് പന്ത്രണ്ടാം അദ്ധ്യായത്തിൽ വിവരിക്കുന്നു.

**വെളിപ്പാട് 14:12 വായിക്കുക. ദൈവത്തിന്റെ വിശ്വസ്ത ജനത്തെക്കുറിച്ചുള്ള ഈ വിവരണം, അന്ത്യകാല സംഭവങ്ങളുടെ കേന്ദ്രമാണ് ശബ്ബത്ത് എന്ന് മനസ്സിലാക്കാൻ എങ്ങനെ സഹായിക്കുന്നു?**

വാക്യം ഇങ്ങനെ വായിക്കുന്നു: "ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാക്കുന്നവരുടെ സഹിഷ്ണുത കൊണ്ടിവിടെ ആവശ്യം"

(വെളി. 14:12). ദൈവകല്പനകളിലെ നാലാം കല്പന, ശബ്ബത്ത്, ദൈവത്തെ സൃഷ്ടാവെന്നും ആരാധനയ്ക്കു യോഗ്യനായ ഒരേയൊരാൾ എന്നുമാണ് പറയുന്നത്. അങ്ങനെയെങ്കിൽ, "മൃഗത്തിന്റെ മുദ്ര" നേരിട്ട് ഞായറാഴ്ച ആരാധനയുമായി ബന്ധപ്പെട്ട് കിടക്കുന്നെന്ന് അനേകർ മനസ്സിലാക്കുന്നു. ബൈബിൾ അനുശാസിക്കുന്ന നാലാം കല്പന, ശബ്ബത്തിനെതിരെ ദൈവ വചനത്തിൽ പറയാത്ത ഒരു കല്പനയാണ് ഞായറാഴ്ച ആരാധന.

എങ്കിൽ ഇന്ന് ഞായറാഴ്ച ആരാധിക്കുന്ന ക്രൈസ്തവരുടെമേൽ മൃഗത്തിന്റെ മുദ്രയുണ്ടെന്ന് ഇതർത്ഥമാക്കുന്നുണ്ടോ? ഇല്ല. വെളിപ്പാട് 13:15 പ്രകാരം, മൃഗത്തെ ആരാധിക്കുക എന്ന തെറ്റിൽ ചേരാത്തവർ വധിക്കപ്പെടും. താമസിയാതെ അതൊരു ജീവന്മരണ പ്രശ്നമാകും. അത്തരം സംഭവങ്ങളിലേക്കൊന്നും എത്തിയിട്ടില്ലാത്തതിനാൽ, ഈ അന്ത്യകാല പരീക്ഷ വരുന്നതുവരെ മൃഗമുദ്ര നൽകപ്പെടില്ല. ആയതിനാൽ, ആർക്കും ഇന്നുവരെ മൃഗത്തിന്റെ മുദ്ര നൽകപ്പെട്ടിട്ടില്ല.

**ദൈവത്തിന്റെ കല്പനകൾ. യേശുവിങ്കലുള്ള വിശ്വാസം. ഒരു സത്യക്രിസ്ത്യാനിയായിരിക്കുക എന്നതിൽ ഈ സവിശേഷതകൾക്ക് ഇന്നും അതീവ പ്രാധാന്യമുള്ളത് എന്തുകൊണ്ട്?**

**വ്യാഴം** **ജൂൺ 14**

## ശബ്ബത്ത് എന്ന മുദ്ര

ഏഴാം ദിന ശബ്ബത്ത്, ആദാമിലും ഹവ്വയിലും തുടങ്ങി ഇസ്രായേലിന്റെ കാലഘട്ടത്തിലൂടെ ചരിത്രത്തിലുടനീളം, ദൈവത്തിന്റെ സത്യജനത്തിന്റെ അടയാളമായിരുന്നു. പുതിയനിയമ സഭയിൽ യേശുവും ശിഷ്യന്മാരും ഇത് ശാശ്വതീകരിക്കുന്നതായി കാണാം. "ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാക്കുന്നവരെ" (വെളി. 14:12) ദൈവത്തിന്റെ അന്ത്യകാല ജനത്തിന്റെ തിരിച്ചറിയൽ മുദ്രയായും ശബ്ബത്തിനെ കാണാം.

**എന്തുകൊണ്ടാണ് ശബ്ബത്ത് ഇത്ര പ്രധാനമാകുന്നത്? ക്രിസ്ത്യാനികൾക്ക് എന്ത് സവിശേഷ പ്രാധാന്യമാണ് ഇതിലുള്ളത്?** പുറ. 20:8-11; എബ്രാ. 4:9, 10.

ശബ്ബത്ത് പത്തു കല്പനയുടെ ഹൃദയത്തിൽ പ്രത്യക്ഷമാകുന്നു. അധികാരത്തിന്റെ അടയാളമോ മുദ്രയോ ആയി സൃഷ്ടാവ് നൽകിയതാണത്. അത് ദൈവത്തെ പേരു ചൊല്ലി വിശേഷിപ്പിക്കുന്നു, "നിന്റെ കർത്താവായ ദൈവം". തന്റെ അധികാരപരിധിയെ അത് നിർവ്വചിക്കുന്നു, "ആകാശവും ഭൂമിയും, സമുദ്രവും അവയിലുള്ളവയും". അധികാരത്തിന്റെ അടിസ്ഥാനവും വിവരിക്കുന്നു, "ദൈവം ആകാശവും ഭൂമിയും ആറു ദിവസം കൊണ്ട് സൃഷ്ടിച്ചു............ ഏഴാം ദിനം വിശ്രമിച്ചു".

ദൈവം സകലതും സൃഷ്ടിച്ചത് യേശു മുഖാന്തിരമാണെന്ന് പുതിയ നിയമം വെളിപ്പെടുത്തുന്നു (യോഹ. 1:1-3; കൊലൊ. 1:16; എബ്രാ. 1:1,2). ആറു ദിവസം കൊണ്ട് ഭൂമി മുഴുവനും ഉണ്ടാക്കിയ ശേഷം ഏഴാം ദിനം വിശ്രമിച്ചത് യേശുക്രിസ്തുവാണ്. അതുകൊണ്ട്, ആ വെള്ളിയാഴ്ച വൈകുന്നേരം കുരിശിൽ തൂങ്ങിക്കൊണ്ട്, "സകലവും പൂർത്തിയായി" എന്ന് ഉച്ചത്തിൽ കരഞ്ഞത് അതീവ പ്രാധാന്യമർഹിക്കുന്നു (യോഹ. 19:30). സൃഷ്ടികർമ്മം പൂർത്തിയാക്കി ശബ്ബത്തിൽ വിശ്രമിച്ചതു പോലെ തന്നെ, നമ്മുടെ രക്ഷയ്ക്കായി നമുക്കു പകരം കാൽവരിയിലെ യാഗമായിത്തീർന്ന യേശു ശബ്ബത്തിൽ കല്ലറയിൽ വിശ്രമിച്ചു. ആയതിനാൽ, ശബ്ബത്ത് ഇരുവട്ടം അനുഗ്രഹിക്കപ്പെട്ടതാണ്, ആദ്യം സൃഷ്ടിപ്പിലും പിന്നീട് കാൽവരിയിലും. അതുകൊണ്ടാണ് എബ്രായർക്കെഴുതിയ ലേഖനത്തിൽ ഇങ്ങനെ പറയുന്നത്, ശബ്ബത്തിൽ വിശ്രമിച്ചുകൊണ്ട് ക്രിസ്ത്യാനി, "ദൈവം തന്റെ പ്രവൃത്തികളിൽ നിന്ന് എന്നപോലെ അവന്റെ സ്വസ്ഥതയിൽ പ്രവേശിച്ചവൻ താനും തന്റെ പ്രവൃത്തകളിൽ നിന്ന് നിവൃത്തനായിത്തീർന്നു" (എബ്രാ.4:10). നമുക്ക് സ്വയം രക്ഷിക്കാനാവുകയില്ല എന്നതിന്റെ പൂർണ്ണ അടയാളമാണ് ശബ്ബത്ത്. തുടക്കം മുതൽ ഒടുക്കം വരെ അത് വിശ്വാസത്തിലൂടെ സാധിക്കുന്ന യേശുക്രിസ്തുവിന്റെ പ്രവൃത്തിയാണ്. (എബ്രാ. 12:2 ആയി താരതമ്യം ചെയ്യുക)

**ശബ്ബത്ത്, നമ്മുടെ ജോലികളിൽ നിന്ന് വിശ്രമിക്കുന്നതിനെ കാണിക്കുന്നെങ്കിൽ, ഞായറാഴ്ച ആചാരം എന്തിനെ കാണിക്കുന്നു? ഇത് ബാബിലോണിന്റെ അടിസ്ഥാന സ്വഭാവവുമായി എങ്ങനെ ഒത്തുചേരുന്നു?**

**ഞായർ** **ജൂൺ 15**

**കൂടുതൽ പഠനം:** "ദൈവജനം നെറ്റിമേൽ മുദ്രയേറ്റശേഷം- കാണാവുന്ന മുദ്രയോ അടയാളമോ അല്ല, മറിച്ച് സത്യത്തിൽ നിലയുറയ്ക്കലാണ്, ബൗദ്ധികമായും ആത്മീയമായും, ആയതിനാൽ അവരെ ഇളക്കാനാവില്ല - ദൈവജനം മുദ്രയേറ്റയുടൻ വലിയ ഉലച്ചിലിനു പാകമായി കഴിയുമ്പോൾ അതു വരും. സത്യത്തിൽ, അത് തുടങ്ങിക്കഴിഞ്ഞു; ദൈവത്തിന്റെ വിധികൾ ഭൂമിക്കുമേൽ പതിച്ചു കഴിഞ്ഞു, ....... ആയതിനാൽ എന്താണ് വരുന്നതെന്ന് നമുക്കറിയാനാകും." - *എലൻ ജി. വൈറ്റ്, "ദി ഫെയ്ത്ത് ഐ ലിവ് ബൈ", പേജ് 285.*

"ശബ്ബത്ത് വിശ്വസ്തതയുടെ ഒരു വലിയ പരീക്ഷയായിരിക്കും. കാരണം അതാണ് ഏറ്റവുമധികമായി ഖണ്ഡിക്കപ്പെട്ട സത്യം. മനുഷ്യരുടെമേൽ അന്തിമ പരീക്ഷകൾ വരുമ്പോൾ, വേർതിരിവിന്റെ രേഖ വരയ്ക്കപ്പെടുന്നത് ദൈവത്തെ അനുസരിക്കുന്നവരും അനുസരിക്കാത്തവരും

തമ്മിലായിരിക്കും. രാജ്യ നിയമമനുസരിച്ച് നാലാം കല്പനയ്ക്കെതിരെ തെറ്റായ ശബ്ബത്തനുസരിക്കുന്നത് ദൈവവിരുദ്ധ ശക്തിക്ക് പരസ്യ സമ്മതം നൽകലാണ്. ദൈവകൽപനയനുസരിച്ചുകൊണ്ട് ശരിയായ ശബ്ബത്ത് പാലിക്കുന്നത് സൃഷ്ടാവിനോടുള്ള വിശ്വസ്തത കാണിക്കുന്നു. ലോകശക്തികൾക്ക് വഴങ്ങിക്കൊണ്ട് ഒരു കൂട്ടർ മൃഗത്തിന്റെ മുദ്രയേൽക്കുന്നു. ദൈവീക പരമാധികാരത്തെ തിരഞ്ഞെടുത്തുകൊണ്ട് മറ്റുള്ളവർ ദൈവത്തിന്റെ മുദ്രയുമേൽക്കും." - *എലൻ ജി. വൈറ്റ്, "ദി ഗ്രേറ്റ് കോൺട്രോവേഴ്സി", പേജ് 605.*

**ചർച്ച:**

1. **മൃഗ, ദൈവ മുദ്രകളേക്കുറിച്ച് അനാവശ്യ വിവാദമുണ്ടാക്കാതെ മറ്റുള്ളവർക്ക് എങ്ങനെ സത്യം പറഞ്ഞു കൊടുക്കാം? ഉദാഹരണത്തിന്, ഇന്ന് ആർക്കും മൃഗത്തിന്റെ മുദ്രയേറ്റിട്ടില്ല എന്ന വസ്തുത എന്തുകൊണ്ട് ഊന്നിപ്പറയണം?**
2. **ശബ്ബത്തും ദൈവത്തിന്റെ മുദ്രയേൽക്കലും എങ്ങനെ ബന്ധപ്പെട്ടു കിടക്കുന്നു?**
3. **മുദ്രയേൽക്കുകയെന്നത് "ബൗദ്ധികമായും ആത്മീയമായും സത്യത്തിൽ നിലയുറയ്ക്കലാണ്" എന്നതിനെക്കുറിച്ച് ചിന്തിക്കുക. ഇതെന്തർത്ഥമാക്കുന്നു?**
4. **ആത്മീയ ബാബിലോണിന്റെ സ്വഭാവ സവിശേഷതകൾ, മൂല്യങ്ങൾ, രീതികൾ ഇവ എന്തൊക്കെയാണ്. ഇത് ദൈവരാജ്യത്തിന്റെ മൂല്യങ്ങളിൽ നിന്ന് എങ്ങനെ വ്യത്യസ്തമാണ്? ഇന്ന് നമ്മുടെ സഭകളിലേക്കു കൂടി ഈ ബാബിലോൺ മൂല്യങ്ങൾ നുഴഞ്ഞുകയറുന്നുവോയെന്ന് പരിശോധിക്കുക? അവയെ ഒരു ക്രിസ്തീയ രീതിയിൽ, അതായത് ദൈവരാജ്യത്തിന്റെ മൂല്യങ്ങളെ വെളിപ്പെടുത്തിക്കൊണ്ട് എങ്ങനെ തിരിച്ചറിയാൻ പഠിക്കാം, എങ്ങനെ നേരിടാം?**

****